# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5028 | 24.10.2011-ലെ മറുപടിക്ക് |
|---|---|

### ആശുപത്രി വക ഭൂമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നെടുങ്ങോലം ഗവ: രാമറാവു താലൂക്ക് ആശുപത്രിക്ക് പരവൂർ വില്ലേജിൽ എത്ര ഏക്കർ ഭൂമിയാണ് നിലവിലുളളത്; | എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നെടുങ്ങോലം ഗവ: രാമറാവു താലൂക്ക് ആശുപത്രിക്ക് പരവൂർ വില്ലേജിൽ 16 ഏക്കർ 13 സെന്റ് ഭൂമി നിലവിലുണ്ട് |
| ബി) പ്രസ്തുത ഭൂമി കൂടാതെ കൊല്ലം ജില്ലയിൽ ഏതൊക്കെ താലൂക്കുകളിൽ ആശുപത്രി വക കരഭൂമിയും, നിലവും ഉണ്ടെന്ന് രേഖകൾ പരിശോധിച്ച് വ്യക്തമാക്കുമോ; | ബി) പ്രസ്തുത ഭൂമി കൂടാതെ പത്തനാപുരം താലൂക്കിൽ പുനലൂർ, പത്തനാപുരം വില്ലേജുകളിലായി 41 ഏക്കർ 55 സെന്റ് ഭൂമിയും (ഡ്രൈലാന്റ്) 24 ഏക്കർ 58 സെന്റ് ഭൂമിയും (വെറ്റ്ലാന്റ്) ഉണ്ട്. |
| സി) മേൽപ്പറഞ്ഞ ഭൂമികളുടെ കൈവശാവകാശം ആരോഗ്യ വകുപ്പിനുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കുമോ; | സി) & ഡി) പൂർണ്ണമായും കൈവശത്തിലില്ല. അന്യാധീനപ്പെട്ടുപോയ ആശുപത്രി വക ഭൂമി കണ്ടെത്തി അളന്നു തിരിച്ച് ആരോഗ്യവകുപ്പിന്റെ അധീനതയിലാക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊളളണമെന്ന് കൊല്ലം ജില്ലാ മെഡിക്കൽ ആഫീസർ പത്തനാപുരം തഹസീൽദാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| ഡി) ആശുപത്രി വക ഭൂമി അന്യാധീനപ്പെട്ടുപോയിട്ടുണ്ടെങ്കിൽ ആയത് തിരിച്ചെടുക്കുവാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | |
| ഇ)ആരോഗ്യ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഉപയോഗപ്പെടുത്തുവാനായി ലഭിച്ചിട്ടുളള പ്രസ്തുത ഭൂമിയിൽ കേന്ദ്ര ഗവൺമെന്റ് സഹായത്തോടുകൂടിയുളള ആരോഗ്യ പദ്ധതികൾ നടപ്പിലാക്കുവാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുമോ? | ഇ) ഇതു സംബന്ധിച്ച പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ